"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ സ്വയംഭരണ ദിനാഘോഷം 2022 - സ്വരാജ് ട്രോഫി, മഹാത്മാ പുരസ്കാരം, മഹാത്മാ അയ്യങ്കാളി പുരസ്കാരം, മികച്ച തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്കുള്ള പുരസ്കാരങ്ങൾ - സംവിധാനം ഏർപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.എം) വകുപ്പ്**

സ.ഉ.(സാധാ) നം.296/2022/LSGD തീയതി, തിരുവനന്തപുരം, 09-02-2022

---

പരാമർശം:- 1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 2022 ജനുവരി 05, 12 തീയതികളിൽ ചേർന്ന യോഗങ്ങളിലെ തീരുമാനങ്ങൾ.

**<u>ഉത്തരവ്</u>**

പഞ്ചായത്ത് രാജ് സംവിധാനത്തിന്റെ ഉപജ്ഞാതാവായ ബൽവന്ത് റായ് മേത്തയുടെ ജന്മദിനമായ ഫെബ്രുവരി 19 എല്ലാ വർഷവും കേരളത്തിൽ പഞ്ചായത്ത് ദിനമായി ആഘോഷിച്ചു വരുന്നുണ്ട്. ത്രിതല പഞ്ചായത്തുകളുടെ പ്രതിനിധികളാണ് പ്രസ്തുത ദിനാഘോഷ പരിപാടിയിൽ പങ്കെടുത്ത് വരുന്നത്. എന്നാൽ സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളേയും ഒരു കുടക്കീഴിൽ കൊണ്ടുവരിക എന്ന ലക്ഷ്യം മുൻ നിർത്തി ഏകീകൃത തദ്ദേശ സ്വയം ഭരണ വകുപ്പ് നിലവിൽ വന്നിരിക്കുന്ന സാഹചര്യത്തിൽ 2022 വർഷം മുതൽ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടേയും നഗരസഭകളുടേയും കോർപ്പറേഷനുകളുടേയും ജനപ്രതിനിധികളുടേയും ജീവനക്കാരുടേയും പ്രതിനിധ്യം ഉറപ്പാക്കി പ്രസ്തുത ദിനം തദ്ദേശ സ്വയംഭരണ ദിനമായി ആഘോഷിക്കുന്നതിനു പരാമർശ പ്രകാരം നടന്ന യോഗങ്ങളിൽ തീരുമാനിച്ചിരുന്നു. നിലവിൽ മികച്ച ത്രിതല പഞ്ചായത്തുകൾക്ക് നൽകി വരുന്ന സ്വരാജ് ട്രോഫി പുരസ്കാരങ്ങൾ ക്രമീകരിക്കുന്നതിനും മുനിസിപ്പാലിറ്റി, കോർപ്പറേഷനുകൾക്ക് കൂടി ആയത് നൽകുന്നതിനും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ മികവ് പുലർത്തിയ ഗ്രാമപഞ്ചായത്തുകൾക്ക് നൽകിവരുന്ന മഹാത്മാ പുരസ്കാരങ്ങളുടെ മാതൃകയിൽ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിൽ മികവു പുലർത്തിയ മുനിസിപ്പാലിറ്റി, കോർപ്പറേഷനുകൾക്ക് മഹാത്മാ അയ്യങ്കാളി പുരസ്കാരം എന്ന പേരിൽ പുരസ്കാരം നൽകുന്നതിനും, നിലവിൽ മികച്ച ജില്ല, ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്കു നൽകിവരുന്ന പുരസ്കാരങ്ങളുടെ മാതൃകയിൽ ബ്ലോക്ക് പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷനുകളിലെ സെക്രട്ടറിമാർക്കു കൂടി പുരസ്കാരം ൽകുന്നതിനും പ്രസ്തുത യോഗങ്ങളിൽ തീരുമാനിച്ചിരുന്നു.

2. മേൽ യോഗ തീരുമാനങ്ങൾ സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ നിലവിൽ പഞ്ചായത്ത് ദിനമായി ആഘോഷിച്ചു വന്നിരുന്ന ഫെബ്രുവരി 19, ഈ വർഷം മുതൽ തദ്ദേശ സ്വയംഭരണ ദിനമായി ആഘോഷിക്കുന്നതിനും നിലവിൽ മികച്ച ത്രിതല പഞ്ചായത്തുകൾക്ക് നൽകിവരുന്ന സ്വരാജ് ട്രോഫി പുരസ്കാരങ്ങൾ ക്രമീകരിച്ച് മുനിസിപ്പാലിറ്റി, കോർപ്പറേഷനുകൾക്ക് കൂടി നൽകുന്നതിനും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ മികവു പുലർത്തിയ ഗ്രാമപഞ്ചായത്തുകൾക്ക് നൽകിവരുന്ന മഹാത്മാ പുരസ്കാരത്തിന്റെ മാതൃകയിൽ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിൽ മികവു പുലർത്തിയ മുനിസിപ്പാലിറ്റി, കോർപ്പറേഷനുകൾക്ക് മഹാത്മാ അയ്യങ്കാളി പുരസ്കാരം എന്ന പേരിൽ പുരസ്കാരം നൽകുന്നതിനും, നിലവിൽ മികച്ച ജില്ല, ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്കു നൽകിവരുന്ന പുരസ്കാരങ്ങളുടെ രീതിയിൽ ബ്ലോക്ക് പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷനുകളിലെ സെക്രട്ടറിമാർക്കു കൂടി നൽകുന്നതിനും തദ്ദേശ സ്വയംഭരണ ദിനാഘോഷ പരിപാടിക്ക് തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് തനതു/ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും തുക (ചുവടെ ഖണ്ഡിക 5-ൽ പറയും പ്രകാരം) നൽകുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയും ആയതിനെല്ലാം താഴെ പറയും പ്രകാരം സംവിധാനം

രൂപപ്പെടുത്തിയും ഉത്തരവാകുന്നു.

**1. തദ്ദേശസ്വയംഭരണ ദിനാഘോഷം മൂന്ന് തലങ്ങളിൽ**

കോവിഡ് 19 ന്റെയും ഒമിക്രോണിന്റെയും വ്യാപനം രൂക്ഷമായികൊണ്ടിരിക്കുന്ന സാഹചര്യത്തിൽ എല്ലാ തദ്ദേശ സ്ഥാപന പ്രതിനിധികളേയും ഉൾപ്പെടുത്തി സംസ്ഥാനതലത്തിൽ വിപുലമായ പരിപാടി സംഘടിപ്പിക്കുന്നത് പ്രായോഗികമല്ല എന്ന് കണ്ടതിനാൽ സംസ്ഥാനതലം, ജില്ലാതലം, ബ്ലോക്ക്തലം എന്നിങ്ങനെ മൂന്ന് തലങ്ങളിൽ ആഘോഷ പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്. സംസ്ഥാന ആഘോഷപരിപാടികൾ തിരുവനന്തപുരത്ത് വച്ചും ജില്ലാതല പരിപാടികൾ ജില്ലകളുടെ ആസ്ഥാനത്തും ബ്ലോക്ക്തലത്തിലുള്ള പരിപാടികൾ ബ്ലോക്ക് പഞ്ചായത്ത് നിശ്ചയിക്കുന്ന കേന്ദ്രത്തിലും സംഘടിപ്പിക്കേണ്ടതാണ്.

**2. 2022 ഫെബ്രുവരി 18,19 തീയതികളിൽ ആഘോഷപരിപാടികൾ**

2022 ലെ തദ്ദേശസ്വയംഭരണ ദിനാഘോഷ പരിപാടികൾ ഫെബ്രുവരി 18, 19 തീയതികളിൽ നടത്തേണ്ടതാണ്. ഫെബ്രുവരി 18-ലെ പരിപാടികൾ പൂർണ്ണമായും ഓൺലൈനായും ഫെബ്രുവരി 19 ലെ പരിപാടികൾ തെരഞ്ഞെടുത്ത കേന്ദ്രങ്ങളിൽ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചും സംഘടിപ്പിക്കേണ്ടതാണ്.

**3. പ്രോഗ്രാം**

- 2 0 2 2 ഫെബ്രുവരി 1 8 ന് സംസ്ഥാനതലത്തിൽ വിവിധ വിഷയങ്ങളെ ആസ്പദമാക്കി സെമിനാറുകൾ ഓൺലൈനായി സംഘടിപ്പിക്കേണ്ടതാണ്.
- ഫെബ്രുവരി 1 9 ന് ഉദ്ഘാടന സമ്മേളനവും തുടർന്ന് വിവിധ പുരസ്കാരങ്ങളുടെ വിതരണവും നടത്തേണ്ടതാണ്.
- ഫെബ്രുവരി 18 ലെ സെമിനാറുകളും 19 ന രാവിലെ നടത്തുന്ന ഉദ്ഘാടന സമ്മേളനവും തത്സമയം സംപ്രേഷണം ചെയ്യേണ്ടതാണ്. എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും ആയത് പ്രദർശിപ്പിക്കുന്നതിനു വേണ്ട സൗകര്യം ഏർപ്പെടുത്തുന്നതിനു അതാതു തദ്ദേശ സ്ഥാപന സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു. തത്സമയ സംപ്രേഷണത്തിനുള്ള ഓൺലൈൻ ലിങ്ക് ഉൾപ്പെടെയുള്ള സംവിധാനം ഏർപ്പെടുത്തുന്നതിനു കിലയെ ചുമതലപ്പെടുത്തുന്നു.
- ജില്ലാ/ബ്ലോക്ക് തലത്തിൽ ഫെബ്രുവരി 19 ന പ്രത്യേക ഉദ്ഘാടന പരിപാടികൾ നടത്തേണ്ടതില്ല. സംസ്ഥാനതലത്തിൽ നടത്തുന്ന ഉദ്ഘാടന പരിപാടിയെ തുടർന്ന് ജില്ലാ തലത്തിൽ സെമിനാറും ജില്ലാതല പുരസ്കാര വിതരണവും നടത്തേണ്ടതാണ്.
- ബ്ലോക്ക്തലത്തിൽ, സംസ്ഥാനതലത്തിൽ നടത്തുന്ന ഉദ്ഘാടന പരിപാടിയെ തുടർന്ന്, ബ്ലോക്ക് പഞ്ചായത്തിനോട് ചേർന്ന് സ്ഥിതിചെയ്യുന്ന നഗരസഭകളെയും പരിധിയിലെ ഗ്രാമ പഞ്ചായത്തുകളെയും ഉൾപ്പെടുത്തി സെമിനാറും ചർച്ചയും സംഘടിപ്പിക്കണം. സംസ്ഥാന തല പരിപാടികളെ പോലെ ജില്ലാതല പുരസ്കാര വിതരണവും ബ്ലോക്ക് തലത്തിലും ഗ്രാമ പഞ്ചായത്ത് - നഗരസഭാ തലങ്ങളിലും ലൈവ് ടെലികാസ്റ്റ് ചെയ്യണം. തത്സമയ സംപ്രേഷണത്തിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിനു കിലയെ ചുമതലപ്പെടുത്തുന്നു.
- ഓരോ ജില്ലയിലും വ്യത്യസ്തമായ വിഷയങ്ങളെ ആസ്പദമാക്കി സെമിനാറുകൾ സംഘടിപ്പിക്കേണ്ടതുള്ളതിനാൽ ഇതിനായി Panel of Experts ന്റെ ഒരു ലിസ്റ്റ് തയ്യാറാക്കി സംഘാടകസമിതിയുമായി കൂടിയാലോചിച്ച് വിഷയങ്ങൾ തെരഞ്ഞെടുക്കുന്നതിനും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും കിലയെ ചുമതലപ്പെടുത്തുന്നു.

**4. സംഘാടക സമിതി:**

തദ്ദേശ സ്വയംഭരണ ദിനാഘോഷം സംസ്ഥാന തലത്തിലും ജില്ലാ/ബ്ലോക്ക് തലങ്ങളിലും സംഘടിപ്പിക്കുന്നതിന് ചിട്ടയായ സംഘാടനവും ഒരുക്കങ്ങളും നടത്തേണ്ടതുണ്ട്. ബഹു. തദ്ദേശ

സ്വയംഭരണ എക്സൈസ് വകുപ്പ മന്ത്രി ചെയർമാനും തദ്ദേശ സ്വയംഭരണ അസോസിയേഷൻ സംസ്ഥാന പ്രസിഡന്റുമാർ, തിരുവനന്തപുരം മേയർ, തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് എന്നിവർ വൈസ് ചെയർമാൻമാരും തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ജനറൽ കൺവീനറും തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി (റൂറൽ), തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി (അർബൻ) എന്നിവർ കോ -കൺവീനർമാരും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ വർക്കിങ് കൺവീനറും തദ്ദേശ സ്വയംഭരണ വകുപ്പ് ഡയറക്ടർ (റൂറൽ), തദ്ദേശ സ്വയംഭരണ വകുപ്പ് ഡയറക്ടർ (അർബൻ), ചീഫ് ടൗൺ പ്ലാനർ, ചീഫ് എഞ്ചിനീയർ എന്നിവർ ജോയിന്റ് കൺവീനറുമായിട്ടുള്ള സംസ്ഥാനതല സംഘാടകസമിതിയെ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിന് ചുമതലപ്പെടുത്തുന്നു. പ്രസ്തുത പരിപാടികളുടെ സംഘാടനത്തിനായി സംസ്ഥാനതല സംഘാടക സമിതിക്ക് വിവിധ സബ് കമ്മിറ്റികൾ രൂപീകരിക്കാവുന്നതാണ്.

സമാന മാതൃകയിൽ തിരുവനന്തപുരം ഒഴികെയുള്ള ജില്ലകളിൽ ജില്ലയിലെ മന്ത്രിമാരും എം.പി. മാരും, എം.എൽ.എ. മാരും രക്ഷാധികാരികളായും ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷൻമാരായ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ടുമാർ ചെയർമാൻമാരായും കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ കോർപ്പറേഷൻ മേയർമാർ കോ ചെയർമാൻമാരായും ജില്ലയിലെ വിവിധ തദ്ദേശ സ്വയംഭരണ അസോസിയേഷൻ സംസ്ഥാന/ജില്ലാ മുഖ്യഭാരവാഹികൾ വൈസ് ചെയർമാൻമാരായും കൊല്ലം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ റീജിയണൽ ജോയിന്റ് ഡയറക്ടർമാരും മറ്റിടങ്ങളിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരും കൺവീനർമാരായും കൊല്ലം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ, എല്ലാ ജില്ലകളിലും ജില്ലാ പഞ്ചായത്ത് സെക്രട്ടറി, PAU പ്രോജക്ട് ഡയറക്ടർ, ജില്ലാ ടൗൺ പ്ലാനർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർ ജോയിന്റ് കൺവീനർമാരായും ജില്ലാതല സംഘാടക സമിതി രൂപീകരിക്കേണ്ടതാണ്. ആവശ്യമെങ്കിൽ സംസ്ഥാനതല സംഘാടകസമിതി പോലെ സമാനമായ രീതിയിൽ സബ്കമ്മിറ്റികൾ രൂപീകരിക്കാവുന്നതാണ്. മാത്രമല്ല, പുതിയ അംഗങ്ങളെ കമ്മിറ്റിയിൽ ഉൾപ്പെടുത്തുന്നതിന് വിവിധ തലങ്ങളിലെ സംഘാടക സമിതിക്കു അധികാരം ഉണ്ടായിരിക്കുന്നതുമാണ്.

**5. ഫണ്ട് സമാഹരണം**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും തുക സമാഹരിച്ചാണ് ആഘോഷ പരിപാടികൾ സംഘടിപ്പിക്കുന്നത്. ഫണ്ട് സ്വരൂപിക്കുന്നതിനായി പ്രിൻസിപ്പൽ ഡയറക്ടറുടെ പേരിൽ ദേശസാൽകൃത ബാങ്കിൽ സേവിംഗ്സ് ബാങ്ക് അക്കൗണ്ട് തുടങ്ങുന്നതിനു അനുമതി നൽകുന്നു. വിവിധ തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും സ്വരൂപിക്കേണ്ട ഫണ്ടിന്റെ വിശദാംശം ചുവടെ പറയുന്നു.

| ക്രമ നമ്പർ | തദ്ദേശ സ്ഥാപനം | എണ്ണം | വിഹിതം | ആകെ (രൂ) |
|---|---|---|---|---|
| 1 | ഗ്രാമപഞ്ചായത്തുകൾ | 941 | 7500 | 70,57,500 |
| 2 | ബ്ലോക്ക്പഞ്ചായത്തുകൾ | 152 | 12500 | 19,00,000 |
| 3 | ജില്ലാപഞ്ചായത്തുകൾ | 14 | 25000 | 3,50,000 |
| 4 | മുനിസിപ്പാലിറ്റികൾ | 87 | 25000 | 21,75,000 |
| 5 | കോർപ്പറേഷനുകൾ | 6 | 50000 | 3,00,000 |
| **ആകെ** | | **1200** | | **1,17,82,500** |

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കുന്ന തുക പ്രിൻസിപ്പൽ ഡയറക്ടറുടെ പേരിൽ ആരംഭിക്കുന്ന അക്കൗണ്ടിൽ വരവ് വെച്ച് സംസ്ഥാനതല സംഘാടക സമിതിയുടെ തീരുമാനപ്രകാരം സംസ്ഥാനതല പരിപാടികൾക്കു വേണ്ടിവരുന്ന തുക ചെലവഴിക്കേണ്ടതാണ്. ജില്ലകൾക്ക് വേണ്ടിവരുന്ന ചെലവിനു ആനുപാതികമായ തുക സംസ്ഥാനതല സംഘാടക സമിതിയുടെ തീരുമാന പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ, ജില്ലാ കൺവീനർമാർക്ക് നൽകേണ്ടതാണ്. ജില്ലാ കൺവീനർ, ജില്ലാതല സംഘാടക സമിതിയുടെ തീരുമാനപ്രകാരം പ്രസ്തുത തുക ചെലവഴിക്കേണ്ടതാണ്.

### 6.1 പുരസ്കാരങ്ങൾ

നിലവിൽ മികച്ച ത്രിതല പഞ്ചായത്തുകൾക്ക് നൽകിവരുന്ന സ്വരാജ് ട്രോഫി പുരസ്കാരങ്ങൾ മുനിസിപ്പാലിറ്റി- കോർപ്പറേഷനുകൾക്ക് കൂടി നൽകുന്നതാണ്. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ മികവ് പുലർത്തിയ ഗ്രാമപഞ്ചായത്തുകൾക്ക് നൽകിവരുന്ന മഹാത്മാ പുരസ്കാരത്തിന്റെ മാതൃകയിൽ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിൽ മികവ് പുലർത്തിയ മുനിസിപ്പാലിറ്റി, കോർപ്പറേഷനുകൾക്ക് മഹാത്മാ അയ്യങ്കാളി പുരസ്കാരം എന്ന പേരിൽ പുരസ്കാരം നൽകും. നിലവിൽ മികച്ച ജില്ല, ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്കു നൽകിവരുന്ന പുരസ്കാരങ്ങളുടെ മാതൃകയിൽ ബ്ലോക്ക് പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷനുകളിലെ സെക്രട്ടറിമാർക്കു കൂടി പുരസ്കാരം നൽകുന്നതാണ്.

### 6.2 പുരസ്കാരങ്ങളുടെ പട്ടിക ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | തദ്ദേശ സ്ഥാപനം | എണ്ണം |
|---|---|---|---|
| 1 | സ്വരാജ് ട്രോഫി | ജില്ലാപഞ്ചായത്ത് | 2 (സംസ്ഥാനതലത്തിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ) |
| 2 | സ്വരാജ് ട്രോഫി | ഗ്രാമപഞ്ചായത്ത് | 31 (സംസ്ഥാനതലത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ, ജില്ലകളിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ) |
| 3 | സ്വരാജ് ട്രോഫി | ബ്ലോക്ക്പഞ്ചായത്ത് | 3 (സംസ്ഥാനതലത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ) |
| 4 | മഹാത്മാ പുരസ്കാരം | ഗ്രാമപഞ്ചായത്ത് | 31 (സംസ്ഥാനതലത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ, ജില്ലകളിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ) |
| 5 | മികച്ച | ഗ്രാമപഞ്ചായത്ത് | 31 (സംസ്ഥാനതലത്തിൽ ഒന്നും |

| | | | |
|---|---|---|---|
| | സെക്രട്ടറിമാർക്ക് | | രണ്ടും മൂന്നും സ്ഥാനങ്ങൾ, ജില്ലകളിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ) |
| 6 | മികച്ച സെക്രട്ടറിമാർക്ക് | ബ്ലോക്ക് പഞ്ചായത്ത് | 3 (സംസ്ഥാനതലത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ) |
| 7 | മികച്ച സെക്രട്ടറിമാർക്ക് | ജില്ലാ പഞ്ചായത്ത് | 2 (സംസ്ഥാനതലത്തിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ) |
| 8 | സ്വരാജ് ട്രോഫി | മുനിസിപ്പാലിറ്റി | 2 (സംസ്ഥാനതലത്തിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ) |
| 9 | സ്വരാജ് ട്രോഫി | കോർപ്പറേഷൻ | 1 (സംസ്ഥാനതലത്തിൽ ഒന്നാം സ്ഥാനം) |
| 10 | മഹാത്മാ അയ്യങ്കാളി പുരസ്കാരം | മുനിസിപ്പാലിറ്റി | 2 (സംസ്ഥാനതലത്തിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ) |
| 11 | മഹാത്മാ അയ്യങ്കാളി പുരസ്കാരം | കോർപ്പറേഷൻ | 1 (സംസ്ഥാനതലത്തിൽ ഒന്നാം സ്ഥാനം) |
| 12 | മികച്ച സെക്രട്ടറിമാർക്ക് | മുനിസിപ്പാലിറ്റി | 2 (സംസ്ഥാനതലത്തിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ) |
| 13 | മികച്ച സെക്രട്ടറിമാർക്ക് | കോർപ്പറേഷൻ | 1 (സംസ്ഥാനതലത്തിൽ ഒന്നാം സ്ഥാനം) |

സംസ്ഥാന തലത്തിലുള്ള പുരസ്കാരങ്ങൾ സംസ്ഥാനതല ആഘോഷ പരിപാടിയിൽ വിതരണം ചെയ്യേണ്ടതും ജില്ലാതല പുരസ്കാരങ്ങൾ ജില്ലാതല ആഘോഷ പരിപാടിയിൽ വിതരണം ചെയ്യേണ്ടതുമാണ്.

**7.1 പങ്കാളിത്തം**

**7.2 സംസ്ഥാനതലം**

1. വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപന അസോസിയേഷനുകളുടെ സംസ്ഥാന ഭാരവാഹികൾ (ഒരു അസോസിയേഷനിൽ നിന്നും 3 പേർ വീതം)

2. സംസ്ഥാനതല അവാർഡ് ജേതാക്കളായ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി എന്നിവർ
3. തിരുവനന്തപുരം കോർപ്പറേഷനിലെ നിശ്ചയിക്കപ്പെട്ട അംഗങ്ങളും ഉദ്യോഗസ്ഥരും (പരമാവധി 25 പേർ)
4. തിരുവനന്തപുരം ജില്ലാ പഞ്ചായത്തിലെ നിശ്ചയിക്കപ്പെട്ട അംഗങ്ങളും ഉദ്യോഗസ്ഥരും (പരമാവധി 10 പേർ)
5. ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും നിശ്ചയിക്കപ്പെട്ട സംസ്ഥാനതല ഉദ്യോഗസ്ഥർ (പരമാവധി 25 പേർ)
6. ജനകീയാസൂത്രണ പ്രസ്ഥാനവുമായി ബന്ധപ്പെട്ട് ക്ഷണിക്കപ്പെട്ടവർ (പരമാവധി 25 പേർ)

### 7.3 ജില്ലാതലം

1. മുനിസിപ്പൽ കോർപ്പറേഷനുകൾ ഉള്ള ജില്ലകളിൽ അവിടെ നിന്നും നിശ്ചയിക്കപ്പെട്ട അംഗങ്ങളും ഉദ്യോഗസ്ഥരും (പരമാവധി 25 പേർ)
2. ജില്ലാ പഞ്ചായത്ത് അംഗങ്ങളും ഉദ്യോഗസ്ഥരും (പരമാവധി 25 പേർ)
3. ജില്ലാതല പരിപാടി നടക്കുന്ന ജില്ലാ ആസ്ഥാനം ഉൾപ്പെടുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അംഗങ്ങളും ഉദ്യോഗസ്ഥരും (പരമാവധി 15 പേർ)
4. ജില്ലാതല അവാർഡുകൾക്ക് അർഹരായ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും (ഒരു സ്ഥാപനത്തിൽ നിന്നും പരമാവധി 4 പേർ വീതം)
5. വിവിധ തദ്ദേശ സ്വയംഭരണ വകുപ്പ് അസോസിയേഷനുകളുടെ ജില്ലാ ഭാരവാഹികളും സംസ്ഥാനതല പരിപാടിയിൽ പങ്കെടുക്കാത്ത സംസ്ഥാന ഭാരവാഹികളും ( 4 പേർ വീതം)
6. ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും നിശ്ചയിക്കപ്പെട്ട ജില്ലാതല ഉദ്യോഗസ്ഥർ (പരമാവധി 20 പേർ)
7. ജനകീയാസൂത്രണ പ്രസ്ഥാനവുമായി ബന്ധപ്പെട്ട ക്ഷണിക്കപ്പെട്ട അതിഥികൾ (പരമാവധി 25 പേർ)

### 7.4 ബ്ലോക്ക് തലം

1. ബ്ലോക്ക് പഞ്ചായത്തിലെ എല്ലാ അംഗങ്ങളും നിശ്ചയിക്കപ്പെട്ട ഉദ്യോഗസ്ഥരും
2. ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ ഗ്രാമപഞ്ചായത്തുകളിൽ നിന്ന് നിശ്ചയിക്കപ്പെട്ട ജനപ്രതിനിധികളും ഉദ്യോഗസ്ഥരും (ഒരു ഗ്രാമ പഞ്ചായത്തിൽ നിന്നും പരമാവധി 5 പേർ വീതം)
3. ബ്ലോക്ക് പഞ്ചായത്തിനോട് ചേർന്ന് സ്ഥിതിചെയ്യുന്ന നഗരസഭകളിൽ നിന്നും നിശ്ചയിക്കപ്പെട്ട ജനപ്രതിനിധികളും ഉദ്യോഗസ്ഥരും ( ഒരു നഗരസഭ മാത്രമാണുള്ളതെങ്കിൽ പരമാവധി 20 പേർ/ഒന്നിലധികം നഗരസഭകളുണ്ടെങ്കിൽ ഒരിടത്തു നിന്നും 10 പേർ വീതം)
4. ജനകീയാസൂത്രണ പ്രസ്ഥാനവുമായി ബന്ധപ്പെട്ട ക്ഷണിക്കപ്പെട്ട അതിഥികൾ (പരമാവധി 25 പേർ)

### 7.5 കോവിഡ് പ്രോട്ടോക്കോൾ

ഓഫ് ലൈനായി പരിപാടികൾ സംഘടിപ്പിക്കുന്ന വേളയിൽ അതാതു ജില്ലകളിൽ ബാധകമായ കോവിഡ് പ്രോട്ടോക്കോൾ പ്രകാരം നിലവിലുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ച് പങ്കെടുക്കുന്നവരുടെ എണ്ണം ആനുപാതികമായി പരിമിതപ്പെടുത്തുന്നതിനു സംഘാടക സമിതിയെ ചുമതലപ്പെടുത്തുന്നു.

അതത് സംഘാടക സമിതികളുടെ / സബ് കമ്മിറ്റികളുടെ കൺവീനർമാർ തുടങ്ങിയവർ പരിപാടികളുടെ വിജയകരമായ നടത്തിപ്പിനായി അടിയന്തിര തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ശാരദ മുരളീധരൻ ഐ എ എസ്**
**അഡീഷണൽ ചീഫ് സെക്രട്ടറി**

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

അംഗം, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം.

ഡയറക്ടർ, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ, തിരുവന്തപുരം.

ഡയറക്ടർ, അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി മിഷൻ, തിരുവന്തപുരം.

ഡയറക്ടർ ജനറൽ, കില, തൃശ്ശൂർ.

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവന്തപുരം.

കൺവീനർ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം.

സെക്രട്ടറി, ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.

ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ഓഡിറ്റ്), തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
**Signed by M.k.pradeesh Kumar**
**Date: 09-02-2022 16:11:59**

സെക്ഷൻ ഓഫീസർ